# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3593 | 12.12.2014-ൽ മറുപടിക്ക് |
|---|---|

## ബാലവേല തടയാൻ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| കാസർഗോഡ് ജില്ലയിലെ സമ്പന്നരുടെ വീടുകളിൽ ബാലവേല ചെയ്യിപ്പിക്കുന്നതിനായി ജില്ലയിൽ നിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നും പാവപ്പെട്ട കുട്ടികളെ കൊണ്ടുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തീർത്തും സുരക്ഷിതമല്ലാത്ത രീതിയിൽ പെൺകുട്ടികളെ ഉൾപ്പെടെ ബാലവേലയ്ക്ക് കൊണ്ടുവരുന്ന അന്യ സംസ്ഥാന ഏജന്റുമാർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ബാലവേല കണ്ടെത്തുന്നതിന്റെ ഭാഗമായി നടത്തിയ സ്ക്വാഡ് പരിശോധനയിൽ വിദ്യാനഗറിന് സമീപം ഒരു വീട്ടിൽ ജോലിക്ക് നിർത്തിയിരുന്ന തമിഴ്നാട്ടിൽ നിന്നുള്ള ഒരു കുട്ടിയെ 12.06.2014-ന് മോചിപ്പിച്ച് ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ മുമ്പാകെ ഹാജരാക്കുകയും നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വീട്ടു ജോലിക്കായി പെൺകുട്ടികളെ ഉൾപ്പെടെ സുരക്ഷിതമല്ലാത്ത രീതിയിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ട് വരുന്ന ഏജന്റുമാരെക്കുറിച്ചുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ